തീയതി : 30/12/2020

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് , തൈക്കാട് പി.ഒ
തിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in | വെബ്: www.mvd.kerala.gov.in | ☎ :0471- 2333317

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് - ജി-ഫോം അപേക്ഷകൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്.

ഓഫീസുകളിൽ ജി-ഫോം അപേക്ഷകൾ സ്വീകരിക്കുന്നില്ല എന്ന് നിരവധി പരാതികൾ ടെലഫോൺ മുഖാന്തിരം ലഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. വാഹൻ സോഫ്റ്റ്‌വെയറിൽ ഓഫീസ് മൊഡ്യൂളിൽ ജി-ഫോം ഫീസ് എടുക്കുന്നതിനുള്ള സംവിധാനം നലവിലുണ്ട്. ഓഫീസിൽ വരുന്ന അപേക്ഷകരിൽ നിന്ന് ഈ മൊഡ്യൂൾ ഉപയോഗിച്ച് ഫീസ് സ്വീകരിക്കേണ്ടതാണ്.
2. വാഹനിലെ ജി-ഫോം മൊഡ്യൂളിൽ കൂടി ഫീസ് സ്വീകരിക്കുവാൻ സോഫ്റ്റ്‌വെയർ എറർ കാരണം കഴിയുന്നില്ലായെങ്കിൽ വാഹനിലെ തന്നെ ബാലൻസ് ഫീസ് മൊഡ്യൂളിൽ കൂടി ഫീസ് സ്വീകരിക്കേണ്ടതാണ്.
3. മുകളിലെ രണ്ട് രീതിയിലും ജി-ഫോം ഫീസ് സ്വീകരിക്കുവാൻ കഴിയുന്നില്ലായെങ്കിൽ ബന്ധപ്പെട്ട ഓഫീസ് മേലധികാരിയുടെ അനുവാദത്തോടുകൂടി സ്മാർട്ട് മൂവിൽ ഫീസ് സ്വീകരിക്കാവുന്നതാണ്.
4. സ്മാർട്ട് വെബ്ബിൽ ജി-ഫോം ഫീസ് സ്വീകരിക്കുന്ന മൊഡ്യൂൾ ഇപ്പോഴും ലഭ്യമാണ്. ഇത് ഇനിയും പ്രോത്സാഹിപ്പിക്കേണ്ടതില്ല. എന്നാൽ ഈ സംവിധാനം വഴി ഫീസ് ഒടുക്കിവരുന്നെങ്കിൽ അത് നിരസിക്കുവാൻ പാടുള്ളതല്ല.
5. ജി-ഫോം സ്വീകരിക്കുന്നതിന് ഓൺലൈൻ സംവിധാനം വാഹനിൽ നിലവിൽ

വന്നിട്ടില്ല. ആയതിനാൽ ഫീസ് ഒടുക്കുവാൻ വരുന്ന അപേക്ഷകരെ ഓൺലൈനിൽ അടച്ചുവരുവാൻ നിർബന്ധിക്കുന്നതും, ഹെഡ് ഓഫീസിലോ ഡൽഹിയിലോ ബന്ധപ്പെടുവാൻ ആവശ്യപ്പെടുന്നതും, ഒട്ടും ആശാസ്യമല്ല.

Signature valid

വിശ്വസ്തതയോടെ

Digitally signed by
RAJEEV PUTHALATH
Date: 2020.12.30
13:52:09 IST
Reason: Approved

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ &
സെക്രട്ടറി എസ്.റ്റി.എ.
**ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി**

പകർപ്പ് :- എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും